(സി) പ്രസ്തുത കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ഡി) 150 കോടിയോളം രൂപയുടെ അനധികൃത ലോട്ടറികൾ പിടികൂടിയത് സംബന്ധിച്ച് കേസ്സുകൾ നിലവിലുണ്ടോ ;

(ഇ) നിലവിലുണ്ടായിരുന്ന കേസ്സുകൾ എഴുതിത്തള്ളാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) 2004 സെപ്റ്റംബറിന് മുൻപ് അനധികൃത ലോട്ടറികൾക്കെതിരെ എടുത്ത എത്ര കേസ്സുകളാണ് ഇപ്പോൾ പിൻവലിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ഉണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) കേസ്സുകൾ എഴുതിത്തള്ളാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(എഫ്) കേസ്സുകൾ പിൻവലിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്ന ഏജൻസികൾ

9 [*74] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

„ കെ. സി. ജോസഫ് :

„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ മുതലായ രേഖകൾ നൽകുന്ന ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടുക്കി ജില്ലയിൽ ഇത്തരത്തിലുള്ള വ്യാജ ഏജൻസികൾ, വ്യാജ ഡ്രൈവിംഗ് ലൈസൻസുകളും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും വ്യാപകമായി നൽകി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള വ്യാജ രേഖകൾ ബന്ധപ്പെട്ട വകുപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല..

(ബി) ഇടുക്കി ജില്ലയിൽ ഇത്തരത്തിലുള്ള വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിലുള്ള വ്യാജ രേഖകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഉറവിടം കണ്ടുപിടിച്ച് നടപടി എടുക്കുന്നതിലേക്കായി മോട്ടോർ വാഹന വകുപ്പ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതിപ്പെട്ടിട്ടുണ്ട്.

ചാർജ്ജ് വർദ്ധനമൂലം ഉണ്ടായ പ്രതിദിന വരുമാനം

10 [*75] ശ്രീ. ബിനോയ് വിശ്വം :

,, എം. കുമാരൻ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, പി. നാരായണൻ :

,, എൻ.രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പ്രാവശ്യം ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) ഓരോ തവണയും വർദ്ധിപ്പിച്ച വർദ്ധന എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ഓരോ തവണയും കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിദിനം ലഭിച്ചുകൊണ്ടിരിക്കുന്ന അധിക വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) മൂന്ന് പ്രാവശ്യം.

(ബി) 28-10-2001-ൽ ഓർഡിനറി, സിറ്റി, ടൗൺ സർവ്വീസുകൾക്ക് മിനിമം ചാർജ്ജ് ഒരു രൂപ 75 പൈസയിൽ നിന്ന് രണ്ടു രൂപയാക്കി വർദ്ധിപ്പിച്ചു. (വർദ്ധനവ് കിലോമീറ്ററിന് 28 പൈസയിൽ നിന്ന് 7 പൈസ വർദ്ധിപ്പിച്ച് 35 പൈസയാക്കി). ഫാസ്റ്റ് പാസഞ്ചർ ലിമിറ്റഡ് സ്റ്റോപ്പിന് മിനിമം ചാർജ്ജ് 2 രൂപ 50 പൈസയിൽ നിന്നും 3 രൂപയാക്കി വർദ്ധിപ്പിച്ചു. (വർദ്ധനവ് കിലോമീറ്ററിന് 34.5 പൈസയിൽ നിന്നും 8.5 പൈസ വർദ്ധിപ്പിച്ച് 43 പൈസയാക്കി). സൂപ്പർ ഫാസ്റ്റ് സർവ്വീസിന് മിനിമം ചാർജ്ജ് 4 രൂപയിൽ നിന്ന് 6 രൂപയാക്കി. (വർദ്ധനവ് കിലോമീറ്ററിന് 37 പൈസയിൽ നിന്ന് 9 പൈസ വർദ്ധിപ്പിച്ച് 46 പൈസയാക്കി). സൂപ്പർ എക്സ്പ്രസ് സർവ്വീസിന് മിനിമം ചാർജ്ജ് 7 രൂപയിൽ നിന്ന് 10 രൂപയാക്കി. (വർദ്ധനവ് കിലോമീറ്ററിന് 43 പൈസയിൽ നിന്ന് 11 പൈസ വർദ്ധിപ്പിച്ച് 54 പൈസയാക്കി.) സൂപ്പർ ഡീലക്സ് സർവ്വീസിന് മിനിമം ചാർജ്ജ് 13 രൂപയിൽ നിന്ന് 20.10 രൂപയാക്കി വർദ്ധിപ്പിച്ചു. (കിലോമീറ്ററിന് 50 പൈസയിൽ നിന്ന് 13 പൈസ വർദ്ധിപ്പിച്ച് 63 പൈസയാക്കി). ഹൈടെക് ലക്ഷ്വറി സർവ്വീസ് 30 രൂപയാക്കി ആദ്യമായി നിശ്ചയിച്ചു. (കിലോമീറ്ററിന് 75 പൈസയായും നിശ്ചയിച്ചു.) 16-9-2004-ൽ ഓർഡിനറി സർവ്വീസുകൾക്ക് മാത്രം മിനിമം ചാർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly